പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: T 8416 — 25.07.12ൽ മറുപടിയ്ക്ക്

## മുംബൈ കേരളാ ഹൗസ്

| ചോദ്യം<br>ശ്രീ.ഇ.പി.ജയരാജൻ | ഉത്തരം<br>ശ്രീ.എ.പി.അനിൽകുമാർ<br>(പട്ടികജാതി-പിന്നോക്ക സമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി) |
|---|---|
| (എ) മുംബൈയിൽ എത്തുന്ന കേരളീയർക്ക് മുംബൈ കേരളാ ഹൗസ് മുഖേന എന്തെല്ലാം സേവനങ്ങളാണ് ലഭ്യമാക്കുന്നത്; | (എ) മുംബൈയിൽ എത്തുന്ന കേരളീയർക്ക് മുറികളുടെ ലഭ്യത അനുസരിച്ച് താമസ സൗകര്യം, ഭക്ഷണം എന്നീ സേവനങ്ങൾ ലഭ്യമാണ്. |
| (ബി) മുബൈ കേരളാ ഹൗസിൽ നിലവിലുള്ള ഉദ്യോഗസ്ഥ സംവിധാനങ്ങൾ എന്തെല്ലാം; | (ബി) ഡെപ്യൂട്ടി ഡയറക്ടർ, മാനേജർ എന്നീ സ്ഥിര തസ്തികകളിൽ ഒരാൾ വീതവും ഹോസ്പിറ്റാലിറ്റി അസിസ്റ്റന്റ്, ലാസ്കർ, സ്വീപ്പർ തസ്തികകളിൽ ബന്ധപ്പെട്ട യോഗ്യതയുള്ളവർ ദിവസ വേതനാടിസ്ഥാനത്തിലും ജോലി ചെയ്യുന്നു. |
| (സി) മുംബൈ കേരളാ ഹൗസിൽ കോൺഫറൻസ് ഹാൾ ലഭ്യമാണോ; | (സി) ലഭ്യമാണ് |
| (ഡി) മുംബൈയിലെ മലയാളി സംഘടനകൾക്ക് അവരുടെ മീറ്റിംഗുകൾക്കും കൂട്ടായ്മകൾക്കും മുംബൈ കേരളാ ഹൗസിലെ കോൺഫറൻസ് ഹാൾ മിതമായ നിരക്കിൽ വാടകയ്ക്ക് നൽകണമെന്നാവശ്യപ്പെട്ട് മുംബൈ മലയാളികളുടെ നിവേദനം ലഭിച്ചിട്ടുണ്ടോ;<br>(ഇ) എങ്കിൽ മുംബൈ കേരളാ ഹൗസിലെ കോൺഫറൻസ് ഹാൾ മിതമായ നിരക്കിൽ വാടകയ്ക്കു നൽകുവാൻ നടപടി സ്വീകരിക്കുമോ? | (ഡി) യും (ഇ)യും<br>മുംബൈയിലെ മലയാളി സംഘടനകൾക്ക് യോഗം ചേരുന്നതിനു വേണ്ടി മുംബൈ കേരളാ ഹൗസിലെ കോൺഫറൻസ് ഹാൾ ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് അപേക്ഷകൾ ലഭിക്കാറുണ്ട്. എന്നാൽ നിലവിലുള്ള നിയമ പ്രകാരം സർക്കാർ, അർദ്ധ സർക്കാർ, പൊതുമേഖലാ സ്ഥാപനങ്ങൾക്കും, രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ള നോൺ ഗവൺമെന്റൽ ഓർഗനൈസേഷനുകൾക്കും യോഗം ചേരുന്നതിന് മാത്രമാണ് കോൺഫറൻസ് ഹാൾ അനുവദിക്കുന്നത്. |

സെക്ഷൻ ഓഫീസർ